(ബി) ഈ ആനുകൂല്യങ്ങൾ എറണാകുളത്തും, കോട്ടയത്തും ഉള്ള പത്രപ്രതിനിധികൾക്കും അനുവദിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തു് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 1955 ഫെബ്രുവരി അഞ്ചാംതീയതി മുതൽ.

(ബി) ഇല്ല.

(സി) തലസ്ഥാനനഗരിയിലെ അധികൃത പത്രപ്രതിനിധികൾക്കു് മാത്രമെ ഈ ആനുകൂല്യം കൊടുക്കണമെന്നു ഉദ്ദേശിച്ചിട്ടുള്ളു.

വക്കു് എസ്റ്റാബ്ലിഷ്മെൻറു് സർവ്വീസുകാർ.

* 857. [72] ശ്രീ. എൻ. പരമേശ്വരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ഡബ്ലിയു. ഡി. വക്കു് എസ്റ്റാബ്ലിഷ്മെൻറു ജോലിക്കാരെ സ്ഥിരം സർവീസുകാരായി ഗണിച്ചു് ശമ്പളക്കൂട്ടത്തിൽ കൊടുക്കണമെന്നും മറ്റും കാണിച്ചു് അവരുടെ സംഘടനയിൽനിന്നും സർക്കാരിലേയ്ക്കു നിവേദനം ലഭിച്ചിട്ടുണ്ടോ ?

(ബി) അതിന്മേൽ എന്തു നടപടി നടത്തി ;

(സി) 1-4-1955 മുതൽ സ്ഥിരം സർവീസുകാരായി പരിഗണിച്ചു് സ്ഥിരം സർവീസുകാരുടെ എല്ലാ അവകാശങ്ങളും നൽകുവാൻ ശ്രമിക്കുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഉണ്ടു്.

(ബി) ചില വ്യവസ്ഥകൾക്കു് വിധേയമായി വക്കു് എസ്റ്റാബ്ലിഷ്മെൻറു് ജീവനക്കാരെ പെൻഷന്നില്ലാത്ത സ്ഥിരം സർവീസുകാരായി 1-4-1953 മുതൽ പരിഗണിക്കുവാൻ 4-3-1954- ഉത്തരവായിട്ടുണ്ടു്. ആ ഉത്തരവിൻറെ അടിസ്ഥാനത്തിൽ വക്കു് എസ്റ്റാബ്ലിഷ്മെൻറു് സർവീസു് പുനഃസംഘടിപ്പിക്കുവാൻ ചീഫു് ഇൻജിനീയരുടെ കീഴിൽ ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചു് ജോലി ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണു്.

(സി) മേൽവിവരിച്ചു് ഉത്തരവിൻറെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

രണ്ടാം പഞ്ചവത്സരപദ്ധതി.

* 858. [78] ശ്രീ. പി. നാരായണൻ പോറ്റി : താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ സംസ്ഥാനത്തിനു വശ്യമുള്ള ഏതെല്ലാം പരിപാടികളാണു് ഉൾപ്പെടുത്തിയിട്ടുള്ളതു് ;

(ബി) അതിനെസംബന്ധിച്ചുള്ള ശുപാർശകൾ പ്ലാനിംഗ് കമ്മീഷൻറിനു് അയച്ചുകൊടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly